LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ പ്രവൃത്തികൾ

220 (3427) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം കായംകുളം അസംബ്ലി മണ്ഡലത്തിൽ 2013, 2014, 2015 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതും ലഭിക്കാനുള്ളതുമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ പൂർത്തീകരിച്ചവ, നടന്നുകൊണ്ടിരിക്കുന്നവ, ടെൻഡർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പല പ്രവൃത്തികളും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണാനുമതി ലഭിച്ച ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുറ്റിക്കലേത്ത് കടവ് പാലം എന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ല. സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

അംഗപരിമിത സെൻസസ്

221 (3428) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ സെൻസസിനായി എത്ര രൂക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഏത് സ്ഥാപനത്തെയാണ് ഇതിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ളതെന്നും ഏതൊക്കെ ജീവനക്കാരെ കൊണ്ട് എത്ര ഘട്ടങ്ങളിലായാണ് പൂർത്തിയാക്കിയതെന്നും അറിയിക്കാമോ?

ഉത്തരം

(എ) അംഗപരിമിത സെൻസസിന് 13,54,27,750 രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാമിഷനെയാണ് ഇതിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ഒന്നാംഘട്ടം സാമൂഹ്യനീതി വകുപ്പിലെ അങ്കണവാടി വർക്കർമാരും രണ്ടാംഘട്ടം ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗത്തിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരാണ് നിർവ്വഹിച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളായാണ് സെൻസസ് എന്യൂമറേഷൻ പൂർത്തീകരിച്ചിട്ടുള്ളത്.

ഖരമാലിന്യ സംസ്കരണം

222 (3429) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തുകളിലൂടെ ഖരമാലിന്യ സംസ്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ സ്ഥായിയായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതികൾ പരിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണത്തിന് തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു. ഇതിനായി സംസ്ഥാന പ്ലാൻ ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടും ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകൾക്ക് ലഭ്യമാക്കിവരുന്നു.

ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ജൈവമാലിന്യ സംസ്കരണത്തിന് പൊതു പ്ലാന്റ്, നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, കമ്മ്യൂണിറ്റി തലത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പുനഃചംക്രമണമൂല്യമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച്, തരംതിരിച്ച്, പുനരുപയോഗം/പുനഃചംക്രമണത്തിനായി നൽകുന്നതിനുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, ദ്രവമാലിന്യ പരിപാലന സംവിധാനം എന്നിങ്ങനെ പദ്ധതികൾ സ്ഥായിയായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ശുചിത്വമിഷൻ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കുകൂടി മുൻഗണന നൽകിക്കൊണ്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly